# കാര്യമറിയാതെയുള്ള വിമർശനം ആർക്കും ഭൂഷണമല്ല

നായർ സർവീസ് സൊസൈറ്റി, കേരളാ നോൺ ട്രേഡിംഗ് കമ്പനീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന ഒരു സാമുദായികസംഘടനയാണ്. ഇതിന്റെ പ്രവർത്തനപരിധി കേരളം മാത്രമാണ്. ഈ സംഘടനയ്ക്ക് 105 വർഷത്തെ പ്രവർത്തനപാരമ്പര്യമുണ്ട്. സമുദായപുരോഗതിയിലൂടെ സമൂഹത്തിന്റെയും രാജ്യത്തിന്റെയും നന്മയ്ക്കായി അഴിമതിരഹിതവും സുതാര്യവും ആയ പ്രവർത്തനം നടത്തിവരുകയാണ്. ജനാധിപത്യവും മതേതരത്വവും സംരക്ഷിക്കുക എന്നത് ഈ സംഘടനയുടെ മുഖമുദ്രയാണ്. സംഘടനയ്ക്ക് രാഷ്ട്രീയമില്ല.

എൻ.എസ്.എസ്സും അതിന്റെ കീഴിൽ താലൂക്ക് യൂണിയനുകൾ, കരയോഗങ്ങൾ എന്നീ ത്രിതലസംവിധാനമായിട്ടാണ് പ്രവർത്തിച്ചുവരുന്നത്. നിരവധി വിദ്യാലയങ്ങൾ, കലാലയങ്ങൾ, ആതുരാലയങ്ങൾ, എസ്റ്റേറ്റുകൾ, സാമൂഹ്യസേവനകേന്ദ്രങ്ങൾ എന്നിവ നടത്തിവരുന്നു. സമുദായാചാര്യന്റെ വീക്ഷണം പോലെതന്നെ, വിദ്യാഭ്യാസരംഗത്ത് ഒരു തരത്തിലുമുള്ള പണസമ്പാദനം ലക്ഷ്യമാക്കാതെ സാധാരണക്കാരായ എല്ലാവിഭാഗം ജനങ്ങൾക്കും ഒരുപോലെ ഉപകരിക്കുന്നവയാണ് എൻ.എസ്.എസ്സിന്റെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ.

ആണ്ടിലൊരിക്കൽ കരയോഗാംഗങ്ങളിൽ നിന്നു മാത്രം ജന്മനക്ഷത്രപ്പിരിവ് നടത്തി സംഭരിക്കുന്ന പണം, കരയോഗാംഗങ്ങളിൽത്തന്നെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്ക് വിവിധ തരത്തിൽ സാമ്പത്തികസഹായമായി നല്കുകയാണ് പതിവ്. ആരംഭകാലത്ത് എൻ.എസ്.എസ്. വളർന്നുകാണണം എന്നുള്ള ആഗ്രഹത്തോടുകൂടി പ്രതിഫലേച്ഛ കൂടാതെ, നമ്മുടെ പൂർവികർ എൻ.എസ്.എസ്സിന്റെ സർവസ്വവുമായ ശ്രീ മന്നത്തുപത്മനാഭനെ ഏല്പിച്ച മണ്ണും പണവും നഷ്ടമോ കുറവോ വരുത്താതെ സൂക്ഷിച്ചിട്ടുള്ളതാണ് എൻ.എസ്.എസ്സിന്റെ സമ്പത്ത്. സാമ്പത്തികബാദ്ധ്യത വരുത്തിവയ്ക്കാതെയുള്ള വികസനപ്രവർത്തനങ്ങളാണ് അന്നുമുതൽ നടത്തിവരുന്നത്. പ്രവർത്തനരംഗത്തെല്ലാം എല്ലാവരോടും നീതിപൂർവമായ സമീപനം, സാമൂഹ്യനീതിക്കുവേണ്ടി മറ്റൊരു സംഘടനയ്ക്കുമില്ലാത്ത വ്യക്തമായ നിലപാട് എന്നിവയാണ് എൻ.എസ്.എസ്സിനുള്ളത്.

ഇത്രയും അച്ചടക്കത്തോടെ, നൂറ്റാണ്ടിലേറെ ക്കാലമായി പ്രവർത്തിച്ചുവരുന്ന സംഘടനയ്ക്കെതിരെയും ചിലഭാഗത്തുനിന്നും വിമർശനങ്ങൾ ഉയരുന്നുണ്ട്. സമുദായത്തിൽപെട്ട ചിലരും അതിനു മുതിരുന്നു എന്നതാണ് അത്ഭുതം. അതിനു കാരണം, അവരുടെ രാഷ്ട്രീയസ്വാർത്ഥത അല്ലെങ്കിൽ എൻ.എസ്.എസ്.പ്രവർത്തനങ്ങളെ സംബന്ധിച്ച് അവർക്കുള്ള അജ്ഞത എന്നുവേണം കരുതാൻ.

കേരളമാണ് എൻ.എസ്.എസ്സിന്റെ പ്രവർത്തനപരിധി എന്ന് പറഞ്ഞുവല്ലോ. കേരളത്തിലുള്ള മുഴുവൻ നായർസമുദായാംഗങ്ങളും എൻ.എസ്.എസ്സിൽ അംഗങ്ങളല്ല എന്ന വസ്തുത ഓർക്കണം. കരയോഗം എന്താണെന്നോ, എൻ.എസ്.എസ്. എന്താണെന്നോ അറിയാത്ത അല്ലെങ്കിൽ അറിയാൻ ശ്രമിക്കാത്ത ഇക്കൂട്ടരാണ് മറ്റൊരു സമുദായസംഘടനയിലും ഇല്ലാത്ത വിധം എൻ.എസ്.എസ്സിനെ വിമർശിക്കുന്നത്.

നായർസമുദായത്തിന്റെ പേരിൽ പല സംഘടനകളും രാജ്യത്തിനകത്തും പുറത്തും രൂപംകൊണ്ടിട്ടുണ്ട്. അങ്ങനെ ഉണ്ടാകുന്ന സംഘടനകൾ നായർ സമുദായത്തിന്റെ തറവാടായ എൻ.എസ്.എസ്സിനെ വെല്ലുവിളിക്കാൻ ശ്രമിക്കാതെ, അവരുടേതായ മണ്ഡലങ്ങളിൽ സമുദായത്തിന്റെ നന്മയ്ക്കായി പ്രവർത്തിക്കുകയാണ് ചെയ്യേണ്ടത്.

സാമൂഹികനീതിക്കുവേണ്ടി ശ്രീ മന്നത്തു പത്മനാഭന്റെ കാലം മുതല്ക്കുതന്നെ ശക്തമായ നിലപാട് സ്വീകരിച്ചുപോരുന്നുണ്ട്. പക്ഷേ, ആ നിലപാടുകളെ കണ്ണുമടച്ച് എതിർക്കാനും സ്ഥാനത്തും അസ്ഥാനത്തും നേതൃത്വത്തെ അപകീർത്തിപ്പെടുത്താനും ചിലർ ഇപ്പോഴും ശ്രമിക്കുന്നുണ്ട്. അതിനെയൊന്നും വകവയ്ക്കാതെ, നിലപാടുകളിൽ ഉറച്ചുനില്ക്കുന്ന ചരിത്രമാണ് ഇന്നും എൻ.എസ്.എസ്സിനും അതിന്റെ നേതൃത്വത്തിനും ഉള്ളത്. എടുത്ത നിലപാടുകളിൽ നിന്ന് ഒരിക്കൽപോലും പിന്മാറിയ ചരിത്രം എൻ.എസ്.എസ്സിന് ഇല്ല. വിമർശകർക്ക് അത് ഇപ്പോൾ ഏറെക്കുറെ മനസ്സിലായിക്കാണുമെന്ന് കരുതട്ടെ.